<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിമൂന്നാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.81 09.03.2015 ലെ മറുപടിയ്ക്ക്

## <u>പ്രതിപക്ഷ നേതാവിന്റെ ചെലവുകളും ഔദ്യോഗിക നിയമനങ്ങളും</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.ജോസഫ് വാഴയ്ക്കൻ<br>ശ്രീ.ടി.എൻ.പ്രതാപൻ | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി മോടിപിടിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി മോടി പിടിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി ചെലവഴിച്ച തുകയുടെ വിശദവിവരം താഴെ ചേർക്കുന്നു.<br><br>അറ്റകുറ്റപ്പണികൾക്കായി സിവിൽ ഇനത്തിൽ 50,37,827/- രൂപയും ഇലക്ട്രിക്കൽ ഇനത്തിൽ 17,79,811/- രൂപയും ഫർണിച്ചർ റിപ്പയറിംഗിനും, പോളിഷിംഗിനും 1,62,736/- രൂപയും കർട്ടൻ ഫിറ്റിംഗ്സ് ഇനത്തിൽ 1,39,806/- രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (ബി) ടെലിഫോൺ ബിൽ, അതിഥി സൽക്കാരം, യാത്രാബത്ത എന്നീ ഇനങ്ങളിൽ ചെലവായ തുക എത്രയാണെന്ന് വിശദമാക്കുമോ; | (ബി) ടെലിഫോൺ ചാർജ്ജിനത്തിൽ 28.02.2015 വരെ ചെലവായ തുക ചുവടെ ചേർക്കുന്നു:<br><br>ഓഫീസ് - 3,40,510/- രൂപ<br>വസതി - 1,55,121/- രൂപ<br>മൊബൈൽ ഫോൺ - 26,603/- രൂപ<br>--------------------<br>ആകെ - 5,22,234/- രൂപ<br><br>അതിഥി സൽക്കാരത്തിനായി 1,13,873/- രൂപയും, യാത്രാ ബത്ത ഇനത്തിൽ 4,64,761/- രൂപയും ചെലവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഔദ്യോഗിക വസതിയിലേക്ക് സാധനസാമഗ്രികൾ വാങ്ങുന്നതിന് ചെലവായ തുക എത്രയാണെന്ന് വിശദമാക്കുമോ; | (സി) | പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതിയിൽ സാധന സാമഗ്രികൾ വാങ്ങുന്നതിനായി 2015 ഫെബ്രുവരിവരെ ആകെ 11,43,861/- രൂപ ചെലവായിട്ടുണ്ട്. |
| (ഡി) | പ്രതിപക്ഷ നേതാവിന്റെ പേഴ്സണൽ സ്റ്റാഫിൽ നിന്ന് ആരെയെല്ലാം ഒഴിവാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | 24.05.2013 ലെ സർക്കാർ ഉത്തരവ് (സാധാ)നം.4263/13/പൊ.ഭ.വ. പ്രകാരം പ്രസ് സെക്രട്ടറി, അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി, പി.എ. എന്നീ തസ്തികകളിൽ സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ.കെ. ബാലകൃഷ്ണൻ, ശ്രീ.വി.കെ.ശശിധരൻ, ശ്രീ.എ.സുരേഷ് എന്നിവരെ 31.05.2013 തീയതി അടിസ്ഥാനമാക്കിയും ക്ലർക്ക് തസ്തികയിൽ സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ.കെ.എസ്.സജിത്തിനെ 24.05.2013 തീയതിയിലെ സ.ഉ.(സാധാ) നം. 4264/ 2013/ പൊ.ഭ.വ. പ്രകാരം 30.04.2013 തീയതി അടിസ്ഥാനമാക്കിയും വിടുതൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ